# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *54 29.01.2019- ൽ മറുപടിക്ക്

## ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനം

ചോദ്യം

ഉത്തരം

ശ്രീ. റ്റി.വി.രാജേഷ്
'' വി. കെ. സി. മമ്മത് കോയ
'' ഡി.കെ. മുരളി
'' വി. അബ്ദുറഹിമാൻ

ശ്രീ. ഇ.പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചെറുകിട വ്യവസായ മേഖലയുടെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>**1. പശ്ചാത്തല വികസന പദ്ധതികൾ**<br>• പരമാവധി വ്യവസായ യൂണിറ്റുകൾ ഉൾപ്പെടുത്തിയുള്ള വ്യാവസായിക വളർച്ച ലക്ഷ്യമിട്ട് നിലവിലുള്ള ഡെവലപ്പ്മെന്റ് ഏരിയ/ഡെവലപ്പ്മെന്റ് പ്ലോട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും.<br>• ബഹുനില സമുച്ചയങ്ങളുടെ നിർമ്മാണം.<br>• സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.<br>• തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനം.<br>• പരമ്പരാഗത ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുവാനും വിപണനം ചെയ്യുന്നതിനും വേദി ഒരുക്കുക. |

| | | | |
|---|---|---|---|
| | | | • വിവിധോദ്ദേശ്യ വിപണന പ്രോത്സാഹന കേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>2. **സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്)**<br>സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ നിലവിലുണ്ടായിരുന്ന സംസ്ഥാന പദ്ധതികൾ ഏകോപിച്ചുകൊണ്ട് സംരംഭക സഹായപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>**3. ഇ.ഡി.ക്ലബ്ബ്**<br>യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.<br>**4. ഇൻകുബേഷൻ സെന്ററുകൾ**<br>പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടി ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.<br>5. **ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം**<br>ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു. |
| ബി) | ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നതിനുള്ള സംരംഭകത്വസഹായ പദ്ധതി പ്രകാരം ഒരു സംരംഭകന് ലഭിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ; | ബി) | പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ.മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന |

| | | | |
|---|---|---|---|
| | | | നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ. ഇടുക്കി, വയനാട് കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം ലോൺ എടുത്ത് ആരംഭിക്കുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നൽകുന്നു. |
| സി) | ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട വ്യവസായികൾക്കായി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം ആരംഭിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) | എം.എസ്.എം.ഇ. മേഖലയിലെ സംരംഭകർക്കായി എൽ.ഐ.സി.യുമായി ചേർന്നുകൊണ്ട് ഒരു സാമൂഹ്യ സുരക്ഷാപദ്ധതി എന്ന നിലയിൽ ഒരു ഇൻഷ്വറൻസ് പദ്ധതി 08.05.2018-ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ)നം.526/2018/വ്യവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതി പ്രകാരം വ്യവസായ സംരംഭകന്റെ വിഹിതമായി 100 രൂപയും, സർക്കാർ വിഹിതമായിട്ടുള്ള 100 രൂപയും ഉൾപ്പെടെ 200 രൂപ വ്യവസായ വാണിജ്യ ഡയറക്ടർ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് നൽകിയാണ് ഈ പദ്ധതി പ്രാവർത്തികമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ